**No. CEE/3600/KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ പ്രവേശനം–2021 രണ്ടാം ഘട്ട അലോട്ട്മെന്റിൽ സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകളിൽ പ്രവേശനം നേടണം

20.10.2021 ലെ വിജ്ഞാപനപ്രകാരം രണ്ടാം ഘട്ട അലോട്ട്മെന്റിൽ സർക്കാർ/സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ്/ ഫാർസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ **28.10.2021 മുതൽ 03.11.2021 വൈകുന്നേരം 4.00** മണിക്കു മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. മുൻ വിജ്ഞാപനപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ഓൺലൈൻ റിപ്പോർട്ടിംഗ് നടത്തിയിട്ടുള്ളവർ ഉൾപ്പെടെ ബന്ധപ്പെട്ട കോളേജുകളിൽ നിശ്ചിത സമയത്തിനകം പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ ഫീസ്, ഇതിനോടകം ഒടുക്കിയിട്ടില്ലെങ്കിൽ ആയത് **28.10.2021 മുതൽ** 03.11.2021, **വൈകുന്നേരം 3.00 മണി വരെ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് നിശ്ചിത തീയതിക്കുള്ളിൽ മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പറഞ്ഞിരിക്കുന്ന ബാധകമായ രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടേണ്ട തീയതിയും സമയവും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഷെഡ്യൂൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതിന് മുമ്പായി അതാത് കോളേജുകളുടെ വെബ്സൈറ്റ് പരിശോധിച്ച് പ്രവേശനം സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് കൂടി മനസ്സിലാക്കേണ്ടതാണ്.

20.10.2021 ലെ വിജ്ഞാപനപ്രകാരം സർക്കാർ നിയന്ത്രിയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള അവസാന തീയതി 25.10.2021 ൽ നിന്നും **30.10.2021** വരെയായി ദീർഘിപ്പി ച്ചിരിക്കുന്നു.

**നിശ്ചിത സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടാത്ത മുഴുവൻ വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ ഹയർ ഓപ്ഷനുകൾ ഉണ്ടെങ്കിൽ അവയും റദ്ദാകുന്നതാണ്.**

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
26.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**